"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- പങ്കാളിത്ത പത്രപ്രവർത്തക/ പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതികൾ - പെൻഷൻ തുക വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.**

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.13/2022/I&PRD** **തീയതി, തിരുവനന്തപുരം, 24-06-2022**

---

പരാമർശം:-

1. 16.08.1993-ലെ സ.ഉ.(പി) 7/93/പി.ആർ. നമ്പർ ഉത്തരവ്.
2. സ.ഉ (പി ) നം . 02/2000/പിആർ തീയതി 04.02.2000.
3. സ.ഉ (എം.എസ്) നം. 05/2017/ഐ&പിആർഡി തീയതി 30.11.2017.
4. സ.ഉ (സാധാ) നം. 381/2017/ഐ&പിആർ തീയതി 16.12.2017.
5. 2021-2022 ലെ ബഡ്ജറ്റ് പ്രഖ്യാപനം.

**ഉത്തരവ്**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പത്രപ്രവർത്തക/പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതിയിലെ പെൻഷണർമാർക്ക്, പരാമർശം (3), (4) പ്രകാരം യഥാക്രമം പത്രപ്രവർത്തക പെൻഷൻ ഇനത്തിൽ **10,000/- രൂപയും**, പത്രപ്രവർത്തകേതര പെൻഷൻ ഇനത്തിൽ **6000/- രൂപയും** നൽകി വരുന്നു. 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ജേർണലിസ്റ്റ്, നോൺ-ജേർണലിസ്റ്റ് പെൻഷനുകൾ 1,000/- രൂപയുടെ വർദ്ധനവ് വരുത്തുന്നതായി പ്രസ്താവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കീം അനുസരിച്ചുള്ള സാമ്പത്തിക വിശകലനം അന്ത്യന്താപേക്ഷിതമായതിനാൽ, വിശകലനം പൂർത്തിയാകുന്നതു വരെ പ്രഖ്യാപിച്ച വർദ്ധനവിന്റെ 50% ആയ **500/- രൂപ വീതം വർദ്ധനവ് അനുവദിച്ച്** പത്രപ്രവർത്തക/പത്രപ്രവർത്തകേതര വിഭാഗങ്ങൾക്ക് യഥാക്രമം **10,500/-(പതിനായിരത്തി അഞ്ഞൂറ്) രൂപയായും, 6,500/-(ആറായിരത്തി അഞ്ഞൂറ്) രൂപയായും** പെൻഷൻ തുക വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പ്രസ്തുത വർദ്ധനവിന് 01.01.2022 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീന.എ.എൻ**

**ഡെപ്യൂട്ടിസെക്രട്ടറി**

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി ) വകുപ്പ്
ധനകാര്യ വകുപ്പ് (13.04.2022-ലെ 1748754/EXP-B1/204/2021/ധന നം. U.O (R) )
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ )കേരള, തിരുവനതപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Aswathi. S.
Poonkavanam
Date: 24-06-2022 12:41:35
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.

ഡയറക്ടറുടെ സി.എ

അഡീഷണൽ ഡയറക്ടറുടെ സി.എ ( ജനറൽ & അഡ്മിനിസ്ട്രേഷൻ)

ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)

ഡെപ്യൂട്ടി സെക്രട്ടറി

അക്കൗണ്ട്സ് ഓഫീസർ

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) — വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി